(സി) വൈദ്യുതി മോഷണം കണ്ടെത്തിയ എത്ര കേസുകളിൽ വിച്ഛേദിച്ച എത്ര കണക്ഷനുകൾ പുനഃസ്ഥാപിച്ച് കൊടുക്കുകയുണ്ടായി;

(ഡി) വൈദ്യുതി മോഷണം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 56,15,69,323 രൂപയുടെ 1464 വൈദ്യുതി മോഷണക്കേസുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി) 24,66,42,119 രൂപ ലഭിച്ചു.

(സി) 1464 കേസുകളിൽ 1433 ഉപഭോക്താക്കളുടെ കണക്ഷൻ പുനഃസ്ഥാപിച്ചുകൊടുക്കുകയുണ്ടായി.

(ഡി) ഉണ്ട്.

രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതി യോജന സ്കീം

71 [374] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. ജി. ജി. വി. വൈ. (രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതി യോജന) സ്കീമിൽ സംസ്ഥാനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര തുക അനുവദിച്ചുകിട്ടിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തുകയിൽ ഓരോ ജില്ലക്കും അനുവദിച്ച തുക പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും സെക്ഷൻ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർ. ജി. ജി. വി. വൈ. പദ്ധതി സംസ്ഥാനത്തെ 7 ജില്ലകളിൽ നടപ്പാക്കുന്നതിന് പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ ആർ. ഇ. സി.-യിൽ നിന്നും 221.75 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ആദ്യഗഡു ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഓരോ ജില്ലയ്ക്കും അനുവദിച്ച തുക പൂവടെ ചേർക്കുന്നു:

---

(372), (373) എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	തുക (ലക്ഷം രൂപയിൽ)
ഇടുക്കി	1975.95
പാലക്കാട്	2284.22
മലപ്പുറം	3835.61
കോഴിക്കോട്	5483.77
കണ്ണൂർ	2307.78
വയനാട്	4420.39
കാസർഗോഡ്	1668.40

(സി) കാസർഗോഡ് ജില്ലയിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളുടെ വിശദാംശം അനുവബന്ധം I ആയി ചേർത്തിരിക്കുന്നു. †

ആർ. ഇ. സി. ഇ.-യിൽ നിന്നും പദ്ധതി ആരംഭിക്കുന്നതിന് ആവശ്യമായ തുക ഇതുവരെ ലഭിച്ചിട്ടില്ലായെങ്കിലും കാസർഗോഡ് ഇലക്ട്രിക്കൽ സർക്കിളിൽ നീലേശ്വരം സെക്ഷന്റെ കീഴിൽ എടയടുക്കം, മുപ്പിൽ എന്നീ കരകളുടെ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്. മറ്റ് പ്രവർത്തനങ്ങൾ നടക്കുന്നതിന്റെ സെക്ഷൻ തിരിച്ച് വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. ‡

രാജീവ് ഗാന്ധി വൈദ്യുതീകരണ യോജന

72 [375] ശ്രീ. കെ. സി. ജോസഫ്:
,, ഇ. എം. അഗസ്തി:
,, എം. എം. ഹസ്സൻ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രാജീവ് ഗാന്ധി വൈദ്യുതീകരണ യോജനയനുസരിച്ച് ഇതുവരെ എന്തു തുക കിട്ടിയിട്ടുണ്ട്;

(ബി) കൂടുതൽ തുക അനുവദിക്കുന്ന കാര്യം എന്തായി;

(സി) ഈ തുക ഗ്രാന്റായാണോ വായ്പയായാണോ ലഭിക്കുന്നത്;

(ഡി) ഈ തുകയുപയോഗിച്ച് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രാജീവ് ഗാന്ധി വൈദ്യുതീകരണ പദ്ധതി സംസ്ഥാനത്തെ 7 ജില്ലകളിൽ (ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്) നടപ്പിലാക്കുന്നതിനുള്ള അനുമതി പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ ആർ. ഇ. സി.-യിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിനായി 221.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ ആദ്യഗഡു ഇതുവരെയും ലഭിച്ചിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly